**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1604 16.3.2015-ൽ മറുപടിയ്ക്ക്**

**വീട്ടുവളപ്പിൽ കോഴി വളർത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ഇ.പി.ജയരാജൻ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| എ) | വിധവകളായ വീട്ടമ്മമാർക്ക് വീട്ടുവളപ്പിൽ കോഴി വളർത്തുന്നതിന് സഹായം നൽകുന്നതിനായി കെപ്കോ മുഖേന നടപ്പിലാക്കുന്ന ആശ്രയ പദ്ധതി പ്രകാരം ഗുണഭോക്താവിന് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് ; | എ) | കെപ്കോ നടപ്പാക്കുന്ന ആശ്രയ പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും 10 പിടക്കോഴികൾ , 10 കിലോതീറ്റ, മുപ്പതു രൂപയുടെ മരുന്ന് എന്നിവ സൗജന്യമായി നൽകുന്നു. |
| ബി) | മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് പ്രസ്തുത പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത്; | ബി) | മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കോളയാട്, തില്ലങ്കരി എന്നീ പഞ്ചായത്തുകളെ ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുണ്ട്. |
| സി) | പദ്ധതി പ്രകാരം പ്രസ്തുത പഞ്ചായത്തുകളിലെ എത്ര വിധവകളായ വീട്ടമ്മമാർക്കാണ് പ്രയോജനം ലഭിക്കുന്നത്; | സി) | മേൽപറഞ്ഞ രണ്ടു പഞ്ചായത്തുകളിലും കൂടി വിധവാ പെൻഷൻ കൈപ്പറ്റുന്ന 947 വീട്ടമ്മമാർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. |
| ഡി) | പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | ഡി) | പ്രസ്തുത പദ്ധതി കോളയാട് പഞ്ചായത്തിൽ 25.4.2014 ൽ നടപ്പിലാക്കി കഴിഞ്ഞു. തില്ലങ്കരി പഞ്ചായത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സൗകര്യപ്രദമായ തീയതി അറിയിക്കാൻ പഞ്ചായത്തധികൃതരോട് അഭ്യർത്ഥിച്ചിട്ടുണ്ട്. തീയതി ലഭിക്കുന്ന മുറയ്ക്ക് ഈ പഞ്ചായത്തിൽ പദ്ധതി നടപ്പാക്കുന്നതാണ്. |
| ഇ) | പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | ഇ) | ഈ പദ്ധതി നടപ്പാക്കുന്നത് തൊട്ടടുത്തുള്ള മൃഗാശുപത്രിയുടെ സഹകരണത്തോടുകൂടിയാണ്. ആകയാൽ തുടർന്ന് വൈദ്യ സഹായവും മരുന്നുകളും സാങ്കേതിക ഉപദേശങ്ങളും ലഭ്യമാക്കുന്നതിനു വേണ്ടി ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രസ്തുത മൃഗാശുപത്രികളിലെ ഡോക്ടർമാർക്ക് കൈമാറുന്നതാണ്. |

സെക്ഷൻ ഓഫീസർ